കാരുണ്യ ബെനവലന്റ് ഫണ്ട്

133(2122) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബനവലന്റ് ഫണ്ട് തുടങ്ങിയശേഷം ഓരോ വർഷവും എത്ര രൂപ പ്രസ്തുത ഫണ്ടിലേക്ക് പിരിഞ്ഞുകിട്ടിയിട്ടുണ്ട് ;

(ബി) പ്രസ്തുത ഫണ്ട് ശേഖരിക്കാനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നുവെന്നും ഇതിനായി നടത്തുന്ന ലോട്ടറികളിൽനിന്നും ഓരോ വർഷവും (ഈ സർക്കാർ കാലയളവിൽ) എത്ര തുക പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഫണ്ടിൽനിന്നും സഹായത്തിനായി ഓരോ വർഷവും എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര പേർക്ക് സഹായം നല്കി ; എത്ര അപേക്ഷകൾ നിരസിച്ചു ; എത്ര തുക ഇതിനായി ചെലവായി ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇതിൽ ഏതെല്ലാം ആശുപത്രികൾക്കു നൽകിയ ചെക്കുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നും ഇത് എത്ര തുകയുടെ ചെക്കുകൾ, ഏതെല്ലാം ആശുപത്രികളുടേത് എന്നും വ്യക്തമാക്കുമോ ;

(ഇ) ഇത് സംബന്ധിച്ച് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് അന്വേഷണം നടത്തിയോ; എങ്കിൽ റിപ്പോർട്ട് ചെയ്ത വിവരം എന്ത് എന്ന് പകർപ്പ് സഹിതം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തിവരുന്ന പ്രതിവാര ഭാഗ്യക്കുറികളിൽ രണ്ട് ഭാഗ്യക്കുറികളുടെ (കാരുണ്യ, കാരുണ്യ പ്ലസ്) ലാഭം കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും പ്രസ്തുത ഫണ്ടിലേയ്ക്ക് പിരിഞ്ഞുകിട്ടിയ തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

വർഷം	വിറ്റുവരവ് (രൂപ കോടിയിൽ)	ഏകദേശ ലാഭം (രൂപ കോടിയിൽ)
2011-12	188.87	38.96
2012-13	464.61	105.25
2013-14	602.10	132.02
2014-15	1377.19	273.20
2015-16	265.73 (10-6-2015 വരെ)	51.15

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശനിയാഴ്ചതോറും നറുക്കെടുപ്പ് നടത്തുന്ന കാരുണ്യ, വ്യാഴാഴ്ചകളിൽ നറുക്കെടുപ്പ് നടത്തുന്ന കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളാണ് കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് തുക സമാഹരിക്കുന്നതിനായി നടത്തുന്നത്. പ്രസ്തുത ഭാഗ്യക്കുറികളുടെ മുഖവില 50 രൂപയും ഒന്നാം സമ്മാനത്തുക ഒരു കോടി രൂപയുമാണ്. ഇവയുടെ ഓരോ നറുക്കെടുപ്പിലും 30 ലക്ഷം ടിക്കറ്റുകൾ വീതമാണ് നിലവിൽ അച്ചടിച്ച് വിപണനം ചെയ്യുന്നത്. പ്രസ്തുത ഭാഗ്യക്കുറികളിൽ നിന്നുള്ള ലാഭത്തുക കാരുണ്യ ബെനവലന്റ് അഡ്മിനിസ്ട്രേറ്ററുടെ പേരിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്

ഈ സർക്കാർ കാലയളവിൽ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ 2 പ്രതിവാര ഭാഗ്യക്കുറികളിൽനിന്നും ലഭിച്ച വിറ്റുവരവ്, ഏകദേശ ലാഭം എന്നിവ ചുവടെ ചേർക്കുന്നു :

വർഷം	വിറ്റുവരവ് (രൂപ കോടിയിൽ)		ഏകദേശ ലാഭം (രൂപ കോടിയിൽ)	
2011-12	188.87 (കാരുണ്യ)		38.96	
2012-13	464.61(കാരുണ്യ)		105.25	
2013-14	602.10 (കാരുണ്യ)		132.02	
2014-15	695.27 (കാരുണ്യ)		141.80 (കാരുണ്യ)	ഏകദേശ ലാഭം ആകെ 273.20
	681.92 (കാരുണ്യ പ്ലസ്)	ആകെ 1377.1	131.40 (കാരുണ്യ പ്ലസ്)	
2015-16	139.24 (6-6-2015 വരെ) (കാരുണ്യ)	ആകെ 265.73	28.45 (കാരുണ്യ)	ഏകദേശ ലാഭം ആകെ 51.15
	126.49 (4-6-2015 വരെ) (കാരുണ്യ പ്ലസ്)		22.70 (കാരുണ്യ പ്ലസ്)	

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ധനസഹായത്തിനായി ഓരോ വർഷവും ലഭിച്ച അപേക്ഷകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2015 മേയ് വരെ ധനസഹായമായി അനുവദിച്ചിട്ടുള്ള 746.76 കോടി രൂപയിൽ 583.97 കോടി രൂപയാണ് ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്ത തുകയുടെ ജില്ല തിരിച്ചുള്ള കണക്കെടുത്തിട്ടില്ല. ഗുണഭോക്താക്കളുടെ എണ്ണം, അനുവദിച്ച തുക എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II(I) മുതൽ II(5) വരെയായി ചേർത്തിട്ടുണ്ട്.*

നിരസിച്ച അപേക്ഷകളുടെ എണ്ണം സംബന്ധിച്ച കണക്ക് അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.*

(ഡി) താഴെ കാണിച്ചിരിക്കുന്ന പ്രകാരം ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് നൽകിയിട്ടുള്ള ചെക്കുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്.

ഹോസ്പിറ്റൽ	ചെക്കിന്റെ തുക
മെഡിക്കൽ കോളേജ്, കോട്ടയം	51,08,000
പ്രൈമറി ഹെൽത്ത് സെന്റർ, വരദൂർ	1,20,000
കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നല്ലൂർനാട്	4,75,000

ചികിത്സാ ധനസഹായമായി നൽകിയിരുന്ന ചെക്കുകൾ ആശുപത്രികളിൽ നിന്നും നഷ്ടപ്പെട്ടുവെന്ന് രേഖാമൂലം അറിയിപ്പ് ലഭിച്ചതനുസരിച്ച് ട്രഷറിയിൽ പ്രസ്തുത ചെക്കുകളുടെ സ്റ്റോപ്പ് പേയ്മെന്റ് നടത്തുകയും പ്രസ്തുത ചെക്കുകൾ തിരികെ ലഭിക്കാത്തവണ്ണം നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് രേഖാമൂലം ഉറപ്പുവരുത്തി ബന്ധപ്പെട്ട ആശുപത്രികളിലേയ്ക്ക് പുതിയ ചെക്കുകൾ നൽകിയിട്ടുമുണ്ട്.

(ഇ) ഇതുസംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടില്ല.

കാരുണ്യ ബെനവലന്റ് സ്കീം എറണാകുളം ജില്ല

134(2123) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബനവലന്റ് സ്കീം പ്രകാരം അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള എറണാകുളം ജില്ലയിലെ സ്വകാര്യ ആശുപത്രികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ നിശ്ചിത രോഗങ്ങൾ മാത്രമായി നിജപ്പെടുത്തിയിരിക്കുന്നതുമൂലം അർഹരായ നിരവധി സാധാരണക്കാർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly